
(Monthly) Price- Rs. 4/-

# ബൈബിൾ ദൂത്



| മനുഷ്യൻ | ദൈവം |
| --- | --- |
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ് വിശ്വസ്തൻ സത്യവാൻ സ്നേഹവാൻ രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 20** **October 2006** **No.7**

## എഡിറ്റോറിയൽ

പ്രതിസന്ധികൾ ലോകത്തിൽ എക്കാലവും ഉണ്ടാകുന്ന ഒരു പ്രതിഭാസമാണ്. അതു എങ്ങനെ ഒക്കെ ഓരോരുത്തരിൽ വരുന്നു എന്നതു ആർക്കും മുൻകൂട്ടി അറിയാൻ സാധ്യമല്ല. ഓരോരുത്തൻ തിരഞ്ഞെടുക്കുന്നതനുസരിച്ചാണ് ഇതുണ്ടാകുന്നത്. തീരുമാനങ്ങൾ എടുക്കാതെ നമുക്ക് അതിജീവിക്കാൻ സാധ്യമല്ല. ഓരോരുത്തരുടെ അറിവ് അനുസരിച്ചാണ് തീരുമാനം എടുക്കുന്നത്. ചിലർ മറ്റുള്ളവരുടെ സമ്മർദ്ദത്തിനു വഴങ്ങി തീരുമാനം എടുക്കും. അവർ സ്വന്തം തീരുമാനത്തിൽ ആത്മ വിശ്വാസമില്ലാത്തവരാണ്. ചിലർ അങ്ങനെയല്ല, തെറ്റായാലും ശരിയായാലും തന്റെ തീരുമാനത്തിൽ ഉറച്ചു നില്ക്കും. എങ്ങനെയായാലും നാം അനുഭവിക്കുന്നതു നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമാണ്. മനുഷ്യരെ ദൈവം ഈ പ്രപഞ്ചത്തിലാക്കിയതു മുതൽ ഈ പ്രപഞ്ചത്തിന്റെ അന്ത്യം വരെ ദൈവം മനുഷ്യരെ ഇവിടെ പാർപ്പിക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നം ഇവിടെ ആയിരിക്കുന്നതു ദൈവികമായ ഉദ്ദേശം നിറവേറ്റുവാനാണ്. അതിൽ വീഴ്ച്ച വരുത്തുന്നവർ വഴി മാറി സഞ്ചരിക്കുന്നവരാണ്. സത്യവഴി ദൈവത്തിന്റേതാണ്. നാം ആ വഴി തിരിച്ചറിയണം. പ്രതിസന്ധികൾ ഓരോന്നോരോന്നായി നമ്മെ പിന്തുടരുവാൻ കാരണം മുഖ്യമായി നാം നടക്കുവാൻ തിരഞ്ഞെടുത്ത പാതയാണ്. നാം അതിൽ കൂടെ നടക്കാൻ കാരണം ഒന്നുകിൽ നമ്മെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു അല്ലെങ്കിൽ നാം തെറ്റായി തിരഞ്ഞെടുത്തിരിക്കുന്നു. പരാജിതനാകുന്ന മനുഷ്യൻ പരാജയത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തണം. പല കാരണങ്ങൾ കണ്ടേക്കാം. അവയിൽ മുഖ്യമായതു തിരിച്ചറിയണം.

മാതാപിതാക്കൾക്കും കുട്ടികൾക്കും ഇന്നു പിരിമുറുക്കം കൂടി വരികയാണ്. പണ്ട് ഇത്രയധികം പിരിമുറുക്കം ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉണ്ടായിരുന്നില്ല എന്നു ചരിത്രം വ്യക്തമാക്കുന്നു. ഇന്നു മനുഷ്യർ സാമൂഹികമായ അംഗീകാരത്തിനായി മത്സരിച്ചുകൊണ്ടാണ് നീങ്ങുന്നത്. ഇതു മാനസികമായി കുട്ടികളെ കൂടുതൽ സമ്മർദ്ദത്തിനിരയാക്കുന്നു. ഏറ്റവും കൂടുതൽ മാർക്ക് തന്റെ കുട്ടിക്കു കിട്ടണം എന്ന ലക്ഷ്യം വെച്ചു അതിനു വേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം മാതാപിതാക്കൾ ചെയ്യും. കുട്ടികളുടെ ഭാവിയെ സംബന്ധിച്ച ആകുലതയാണ് ഇതിന്റെ പിന്നിലുള്ളത്. ഇതു കലാസാംസ്ക്കാരിക രംഗത്തും ഉണ്ട്. ഈ കിടമത്സരത്തിൽ കുട്ടികളുടെ മനസിനു ഏല്ക്കുന്ന സമ്മർദ്ദം അവരുടെ സ്വന്തകഴിവിനെ അതു സാരമായി ബാധിക്കും. സ്വതന്ത്രമായി ചിന്തിക്കുവാനും സ്വയമായി കാര്യങ്ങളെ വിവേചിക്കുവാനും അവർക്കു കഴിയാതെ അവർ മാതാപിതാക്കളെയോ അദ്ധ്യാപകരെയോ പൂർണ്ണമായി ആശ്രയിക്കും. കുട്ടികളിൽ സ്ഥിരോത്സാഹവും അഭിരുചിയും വളർത്തരുത് എന്നല്ല ഞാൻ പറഞ്ഞതിന്റെ സാരം. അവരിൽ ഉള്ള കഴിവുകൾ സ്വതന്ത്രമായി ഉപയോഗിച്ചു വളർത്തിയെടുക്കാൻ അവരെ ശീലിപ്പിക്കണം. സാമൂഹ്യകാഴ്ച്ചപ്പാടിനേക്കാൾ അവർക്ക് തിരഞ്ഞെടുക്കേണ്ടതായ മാർഗ്ഗമുണ്ട്. ആ മാർഗ്ഗം അവർ കണ്ടെത്തിയാൽ അവർ സമൂഹത്തിൽ ഉയർന്ന നിലവാരത്തിലെത്തും. അവരുടെ മനസും ചിന്തയും വികസിക്കും. പ്രായോഗികതലത്തിൽ നമ്മുടെ കുട്ടികൾ സ്വയം പര്യാപ്തതയിലെത്തണം. അതിനു അവരുടെ ബുദ്ധിയെ ഒരിക്കലും ബന്ധിക്കരുത് എന്നാണ് എനിക്കു പറയുവാനുള്ളത്.

അനാവശ്യമായ പിരിമുറുക്കം മനസിൽ സൂക്ഷിക്കുന്ന മാതാപിതാക്കൾ രോഗബാധിതരായിത്തീരുന്നു. ഇതൊഴിവാക്കാവുന്നതാണ്. ഭൗതികവും അടിസ്ഥാനവുമായ ആവശ്യങ്ങളായിരുന്നു പണ്ടൊക്കെ ആളുകളെ മഥിച്ചിരുന്നത്. എന്നാൽ ഇന്നോ അതല്ല സ്ഥിതി. ഇന്ന് അഭ്യുന്നതിക്കായുള്ള ഓട്ടവും മത്സരവുമാണ്. അത്തരം മത്സരം സമൂഹത്തിൽ ഭിന്നതയുണ്ടാക്കും, വിദ്വേഷമുണ്ടാക്കും. അപ്പോൾ അത്തരം വാശിയും വൈരാഗ്യവും ഒഴിവാക്കി എടുക്കണം. മനുഷ്യർക്കു കുടുംബത്തിൽ ആയാലും സമൂഹത്തിൽ ആയാലും കഴിവുകൾ എല്ലാവർക്കും ഉണ്ട്. അതു വ്യത്യസ്തമാണ്.

അതിന്റെ കാരണം മനസിലാക്കണം. ഞാൻ മുൻപു പറഞ്ഞതു പോലെ ദൈവികമായ ഉദ്ദേശം തിരിച്ചറിയണം. നമ്മുടെ ശരീരത്തിലെ അവയവങ്ങൾ പലതാണ്. അവയുടെ ഉപയോഗവും വ്യത്യസ്തമാണ്. എങ്കിലും ഏകശരീരത്തിന്റെ പൊതുവായ ആവശ്യങ്ങൾ അവ നിറവേറ്റുന്നു. അതുപോലെയാണ് ഒരു സമൂഹത്തിനു വിവിധ കഴിവുകൾ ഉള്ള വ്യക്തികൾ ആവശ്യമാണ്. എല്ലാവരും ഡോക്ടർമാരായാൽ അവർ ആരെ ചികിത്സിക്കും? എല്ലാവരും എഞ്ചിനീയർമാരായാൽ കല്പ്പണിക്കും ആശാരിപ്പണിക്കും മറ്റും ആരുണ്ടാകും? ഇതിൽ നിന്നെല്ലാം നാം ദൈവത്തെയും ദൈവത്തിന്റെ ഉദ്ദേശത്തെയും തിരിച്ചറിഞ്ഞാൽ എല്ലാം വളരെ സാധാരണപോലെ നമുക്കു ചിന്തിക്കാനാകും. അപ്പോൾ നാം കിടന്നു വെപ്രാളപ്പെടേണ്ട കാര്യമില്ല എന്നു ബോധ്യമാകും.

എന്താണ് ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ ആവശ്യമായിട്ടുള്ളത്. സത്യവേദപുസ്തകം നമ്മുടെ ബുദ്ധിക്കു തെളിവായി പറയുന്നു, "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക, അതോടുകൂടെ എല്ലാം ലഭിക്കും" ഇതിനർത്ഥം നമുക്ക് ആവശ്യമുള്ളതു ദൈവം തരുമെന്നാണ്. നമുക്ക് ആവശ്യമില്ലാത്തതു ദൈവം തരികയില്ല. നാം യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചു ജീവിക്കണം. അതായതു ക്രിസ്തുവിന്റെ കല്പനകൾ വിശ്വസിച്ചു തെറ്റായ തീരുമാനങ്ങൾ എല്ലാം ഉപേക്ഷിക്കണം. ദൈവത്തിന്റെ ആലോചനപ്രകാരം ജീവിക്കാൻ തീരുമാനിക്കുക. ദൈവപുത്രനായ ക്രിസ്തുവിനെ ഏറ്റു പറഞ്ഞു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുക. വിദ്യാർത്ഥികളെ കർത്താവിന്റെ വഴി പഠിപ്പിക്കുക. അവർ നടക്കേണ്ടുന്ന പാത കാണിച്ചു കൊടുക്കുക. മത്സരമല്ല അവരെ പഠിപ്പിക്കേണ്ടതു സ്നേഹവും സാഹോദര്യവുമാണ്. അന്യോന്യം ദൈവികസ്വഭാവം വളർത്തിയെടുത്ത് ദൈവമക്കളായി ജീവിക്കാനും അവരുടെ സന്മാർഗ്ഗവാസനകൾ സ്വയം വളർത്തി എടുക്കാൻ അവരെ അനുവദിക്കുക. അങ്ങനെ ചെയ്യുമ്പോൾ കുട്ടികളുടെ വ്യക്തിത്വം വളർത്തുന്നതോടൊപ്പം മാതാപിതാക്കളുടെ ആരോഗ്യവും നിലനിർത്തും. ക്രിയാത്മക സമൂഹമാണ് നാം കെട്ടിപ്പെടുക്കേണ്ടത്.

★

# സ്നാനം എന്തുകൊണ്ട് രക്ഷിക്കുന്നു?

ജെ.സി. ചോട്ട്

കർത്താവിനെ അനുസരിക്കുമ്പോൾ അതിൽ സ്നാനത്തിനുള്ള പങ്കിനെക്കുറിച്ചു അധികം പേരും തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അവരിൽ നിരവധി പേർ സ്നാനത്തിന്റെ പ്രാധാന്യം മനസിലാക്കാത്തവരാണ്. സ്നാനം കൂടാതെ തന്നെ രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നവരുമുണ്ട്. മാനുഷികമായ ഉപദേശം പാരമ്പര്യമായി ദൈവ കല്പനകളെ ദുർബ്ബലമാക്കുന്നുണ്ട്. തിരുവെഴുത്തുകൾ ഈ വിഷയത്തിലും വ്യക്തത പുലർത്തുന്നുണ്ട്. ഈ വിഷയവും നാം ആധികാരികമായി വിലയിരുത്തണം. അതിനു ദൈവശ്വാസ്യിയമായ ബൈബിളിൽ പൂർണ്ണമായി വിശ്വസിക്കണം. എങ്കിലേ അതു വായിച്ചു സത്യം ബോധ്യമാകയുള്ളു.

സ്നാനം എന്നതു ദൈവകല്പനയാണ്. സ്നാനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ തന്നെ അതെന്താണെന്നു വ്യക്തമാക്കുന്നുണ്ട്. അടക്കം അല്ലെങ്കിൽ നിമഞ്ജനം എന്നാണ്. "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെട്ടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു" (കൊലൊസ്സ്യർ 2:12). പൗലൊസ് റോമർക്ക് ലേഖനം എഴുതിയപ്പോൾ പറയുന്നു, "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ" (റോമർ 6:3, 4).

സ്നാനം അടക്കമാണെന്നു മാത്രമല്ല, അതു വെള്ളത്തിലുള്ള അടക്കമാണെന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെ നല്ലൊരു ഉദാഹരണം നമുക്കു പ്രവൃത്തികൾ ৪-൦ം അദ്ധ്യായത്തിൽ കാണാം. അവിടെ ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഐത്യോപ്യക്കാരനായ ഷണ്ഡനെ തിരുവെഴുത്തു സത്യങ്ങൾ പഠിപ്പിച്ചു കഴിഞ്ഞ

പ്പോൾ ഷണ്ഡൻ സ്നാനമേല്ക്കുവാൻ താല്പര്യം പ്രകടിപ്പിച്ചു. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. അങ്ങനെ തന്റെ വിശ്വാസം അവൻ ഏറ്റുപറയുകയും ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ഇരുവരും വെള്ളത്തിൽ നിന്നു കയറി. പിന്നെ ഷണ്ഡൻ ഫിലിപ്പൊസിനെ കണ്ടില്ല; ഷണ്ഡൻ സന്തോഷിച്ചു തന്റെ വഴിക്കു പോയി (പ്രവൃത്തികൾ 8:39).

ഇപ്പോൾ സ്നാനം എന്താണ് എന്ന് നമുക്ക് മനസിലായല്ലോ. ഇനി അതിന്റെ പ്രാധാന്യം എന്തെന്നു നമുക്കു നോക്കാം. ആദ്യമായി അത് ഒരു ദൈവകല്പനയാണ്. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ കർത്താവു തന്റെ ശിഷ്യന്മാർക്കു കല്പന കൊടുത്തു. ലോകത്തിലുള്ള സകല ദേശക്കാർക്കും ഭാഷക്കാർക്കും ജാതികൾക്കും ബാധകമാണ് ഈ കല്പന. എല്ലാവരും യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാകണം. അതിനു രണ്ടു കാര്യങ്ങൾ മുഖ്യമാണ്. ഒന്ന്, യേശുക്രിസ്തു കല്പിച്ചിട്ടുള്ള കല്പനകൾ ഒക്കെയും പ്രമാണിക്കണം. രണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കയും വേണം (മത്തായി 28:18–20). ഇതിനെ മാറ്റുവാൻ മനുഷ്യർക്ക് ആർക്കും അധികാരമില്ല. ദൈവമാണ് പരമാധികാരി എന്നോർക്കുക. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുവാൻ അഥവാ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. ആ ദൈവത്തെയാണ് നാം അനുസരിക്കേണ്ടത്.

യേശുക്രിസ്തു കല്പിച്ചതനുസരിച്ചാണ് പത്രൊസ് യെഹൂദന്മാരോടു പ്രസംഗിച്ചത്. അതുകേട്ടു വിശ്വസിച്ചവരോടു പത്രൊസ് പറഞ്ഞതു നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാണ്. അവർ അതുകേട്ടു സ്നാനമേറ്റു. കർത്താവു അവരെ രക്ഷിക്കയും തന്റെ സഭയോടു ചേർക്കുകയും ചെയ്തു. ഇതാണ് ആരംഭത്തിൽ നടന്നത്. പിന്നീട് നടക്കുന്ന സ്നാനമെല്ലാം കർത്താവിന്റെ കല്പനകളിലെ ഉദ്ദേശം നിറവേറ്റുന്നതിനായിരുന്നു. കൊർന്നെല്യോസിന്റെ ഭവനത്തിൽ പത്രൊസ് സുവിശേഷം പ്രസംഗിച്ചശേഷം പറയുന്നതു, "നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ

സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു. "പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു" (പ്രവൃത്തികൾ 10:47,48). പിന്നീട് പത്രൊസു പറയുന്നതു സ്നാനം നമ്മെ രക്ഷിക്കുന്നു എന്നാണ്. നോഹയുടെ കാലത്തു നോഹയും കുടുംബവും വെള്ളത്താൽ രക്ഷ പ്രാപിച്ചു, "അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു" (1 പത്രൊസ് 3:21).

യേശു കൊടുത്ത ആജ്ഞയിൽ പറഞ്ഞിരിക്കുന്നതു "വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നാണ് (മർക്കൊസ് 16:16). ദൈവരാജ്യം എന്ന കർത്താവിന്റെ സഭയിൽ പ്രവേശിക്കണമെങ്കിൽ വെള്ളത്താലും ആത്മാവിനാലും ജനിക്കണം. അതായതു പുതുതായി ജനിക്കണം എന്നർത്ഥം (യോഹന്നാൻ 3:3–5). പാപമോചനത്തിനായി സ്നാനമേല്ക്കുന്നവർക്കു ദൈവം പരിശുദ്ധാത്മാവു എന്ന ദാനം കൊടുക്കും. പാപങ്ങളെ കഴുകി കളയുന്നത് സ്നാനത്താലാണ് (പ്രവൃത്തികൾ 22:16). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ ക്രിസ്തുവിനെ ധരിച്ചിരിക്കയാണ് (ഗലാത്യർ 3:27). യെഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഏകാത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു (1 കൊരിന്ത്യർ 12:13). സ്നാനം യേശുക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുവാനാണ്. ആ യാഗം പാപപരിഹാരത്തിനായിരുന്നു. നാം അവന്റെ മരണത്തോടും അടക്കത്തോടും ഉയിർപ്പിനോടും പങ്കാളിയായാലേ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റപ്പെടുന്നുള്ളു.

ഏ.ഡി 64-ൽ അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി പറഞ്ഞു, സ്നാനം ഇപ്പോൾ ഒന്ന് എന്ന് (എഫെസ്യർ 4:5). മറ്റു സ്നാനങ്ങൾ ഉണ്ടായിരുന്നു. പക്ഷെ ഇന്നു പാപമോചനത്തിനു ഏക സ്നനമേയുള്ളു. പ്രവൃത്തികളുടെ പുസ്തകം മുഴുവൻ പരിശോധിച്ചാൽ പതിനൊന്നു പരിവർത്തനസംഭവങ്ങൾ വിവരിച്ചിരിക്കു

ന്നതു കാണാം. ഇവരെല്ലാവരും കർത്താവിനെ അനുസരിച്ചവരായിരുന്നു. അവരെല്ലാം യേശു കല്പിച്ചതുപോലെ സ്നാനം ഏറ്റിരുന്നു. ദൈവത്തെ വിശ്വസിച്ചാൽ അവൻ പറഞ്ഞിരിക്കുന്നതു വിശ്വസിക്കും. അങ്ങനെ വിശ്വസിച്ചാൽ അവൻ കല്പിച്ചിരിക്കുന്ന കല്പനകൾ അങ്ങനെ തന്നെ അനുസരിക്കും. മനുഷ്യർ എന്തു പഠിപ്പിക്കുന്നുവെന്നോ മനുഷ്യർ എന്തു ചെയ്യുന്നു എന്നോ നോക്കുകയില്ല.

സ്നാനം കൊണ്ടു മാത്രം രക്ഷ പ്രാപിക്കുമെന്നു ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. വെള്ളരക്ഷയെക്കുറിച്ചും ബൈബിൾ പറയുന്നില്ല. നാം മുൻപു കണ്ടതായ തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിന്മേലാണ് കർത്താവു രക്ഷിക്കുന്നത്. അതുകൊണ്ടാണ് സ്നാനം അത്യാവശ്യം എന്നു പറയുന്നത്. അതുകൊണ്ടാണ് ദൈവ പദ്ധതിയിൽ ദൈവവചനം എല്ലാവരും കേൾക്കണം എന്നു പറഞ്ഞിരിക്കുന്നത്. കേൾക്കുവാൻ കഴിയാത്തവർക്കു വായിച്ചു ഗ്രഹിക്കാൻ കഴിയുമല്ലോ. ദൈവത്തിലും യേശുക്രിസ്തുവിലും ആളുകൾ വിശ്വസിക്കേണ്ടതു തിരുവെഴുത്തിൽ കൂടെയാണ്. യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിച്ചുകൊണ്ട് പാപത്തെ വിട്ടുകളയണം. അതിനു ബൈബിളിൽ പറഞ്ഞിരിക്കുന്നതു മാനസാന്തരം എന്നാണ്. തീരുമാനം ഓരോ വ്യക്തിയും സ്വയമായി എടുക്കണം. അതായതു ആരുടേയും നിർബന്ധത്താൽ അരുത് എന്നർത്ഥം. വാസ്തവത്തിലുള്ള മാനസാന്തരം ഹൃദയങ്ങളിൽ രൂപാന്തരം വരുത്തും. അപ്പോൾ പാപമോചനത്തിന് നാം ദൈവകല്പനയിൽ ആശ്രയിക്കണം. പാപമോചനത്തിനു വേണ്ടിയുള്ള സ്നാനം ഏല്ക്കുവാൻ വെള്ളത്തിൽ അടക്കം ചെയ്യപ്പെടണം. പാപസംബന്ധമായ ശരീരത്തെയാണ് നാം അടക്കം ചെയ്യേണ്ടത്. അപ്രകാരം സ്നാനമേറ്റു വെള്ളത്തിൽ നിന്നു കയറിവരുന്ന ഒരാൾ പുതിയ സൃഷ്ടിയായിത്തീരുന്നു. വിശ്വാസം ഇല്ലാതെയാണ് ഇതെല്ലാം ചെയ്യുന്നതിൽ ഫലമില്ല.

വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവം തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നല്കുമെന്ന് നാം വിശ്വസിക്കണം. അതുപോലെയാണ് മാനസാന്തരവും. മാനസാന്തരപ്പെട്ടില്ലെങ്കിൽ നാം നശിച്ചുപോകും

(എബ്രായർ 11:6; ലൂക്കൊസ് 13:3). കർത്താവു ദൈവപുത്രനാണെന്നു വിശ്വസിച്ചാൽ മാത്രം പോരാ; നാം അതു ഏറ്റു പറയുക കൂടെ ചെയ്യണം. ഇല്ലെങ്കിൽ കർത്താവു നമ്മെയും ഏറ്റുപറയുകയില്ല (മത്തായി 10:32,33). ക്രിസ്തുവിനോടു ചേരുവാൻ, പാപമോചനത്തിനായുള്ള സ്നാനവും രക്ഷക്കുവേണ്ടിയാണ് കല്പിച്ചിരിക്കുന്നതു. രക്ഷയ്ക്കു ഏതെങ്കിലും ഒന്ന് ആവശ്യമില്ല എന്നു പറയാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയായാലും അതിന്റെ ആധികാരികത നാം തിരിച്ചറിയണം. സ്നാനം കൊണ്ടുമാത്രമോ സ്നാനം കൂടാതെയോ രക്ഷ കിട്ടുമെന്ന് ആർ പറഞ്ഞാലും അതു ലഭിക്കുന്നതല്ല. കാരണം ദൈവം പറഞ്ഞിരിക്കുന്നതു പൂർണ്ണമായി നാം അംഗീകരിക്കണം (റോമർ 10:17; എഫെസ്യർ 3:3,4; യോഹന്നാൻ 8:24; മർക്കൊസ് 16:16).

അതുകൊണ്ട് തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. മനുഷ്യർ എന്തു പഠിപ്പിക്കുന്നുവെന്നോ, ഭൂരിഭാഗം ആളുകൾ ചെയ്യുന്നതെന്തെന്നോ നാം നോക്കരുത്. നാം ചെയ്തിരിക്കുന്നതു വചന പ്രകാരമല്ലെങ്കിൽ ഉടനെ വചനപ്രകാരം ദൈവത്തെ അനുസരിക്കുവാനുള്ള മനസാണ് നമുക്ക് വേണ്ടത്. നിങ്ങൾ വചനാനുസരണം സ്നാനം ഏറ്റിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ ബൈബിൾ പറയുന്നതനുസരിച്ചു സ്നാനമേല്ക്കുക. സ്നാനത്തിന്റെ പ്രാധാന്യം മനുഷ്യർക്കല്ല ദൈവത്തിനാണ് അറിവുള്ളത്. നമുക്ക് ഏറ്റവും നല്ലത് എന്തെന്നു അറിവുള്ള ദൈവം പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ അനുസരിക്കുക. അതിനു ദൈവം നിങ്ങളെ പ്രചോദിപ്പിക്കട്ടെ.

★

## സ്വധർമ്മപരിത്യാഗത്തിന്റെ മുന്നറിയിപ്പ്

ദില്ലാർഡ് തർമൻ

പലപ്പോഴായി ദൈവം നമ്മെ മുന്നറിയിച്ചിട്ടുണ്ട്. ഒരു തലമുറയിലധികം കർത്താവിന്റെ സഭ പരിത്യജിക്കാതെ നിന്നില്ല. വ്യക്തികളാണല്ലോ സഭയിലുള്ളത്. അവർ ക്രിസ്തുവിന്റെ സുവിശേഷഘോഷണത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരാണ്; മനുഷ്യരുടെ ശാരീരിക ഇച്ഛകൾ ആത്മീയ ഗോളത്തിൽ നിലനിർത്താൻ ആഗ്

ഹിക്കുന്നവർ കർത്താവിന്റെ സഭയുടെ വിശുദ്ധിയെക്കുറിച്ചു ചിന്തിക്കുന്നില്ല. "ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12). തെറ്റിപ്പോകാനോ വീണുപോകാനോ സാധ്യമല്ലാതിരുന്നെങ്കിൽ ഈ മുന്നറിയിപ്പുകൾ ആവശ്യമില്ലല്ലോ. നമ്മുടെ അരുമനാഥൻ ഈ മുന്നറിയിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരേയും തെറ്റിക്കും (മത്തായി 24:4,5). ചിലർ തങ്ങളുടെ സഭ പറയുന്നതല്ല ബൈബിളിൽ എന്നു കാണിച്ചാൽ ബൈബിൾ വായിക്കാൻ താല്പര്യമില്ലാത്തവരുണ്ട്.

## ബൈബിളിനോടു നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം

ഒരാൾ ദൈവത്തോടു അടുക്കുന്നതിനു ബൈബിളിലേക്കു അടുക്കേണ്ടതായിട്ടുണ്ട്. അതായതു വചനത്തിലേക്ക് അടുക്കണം. ഈ കാര്യത്തിൽ ദാവീദ് നമുക്ക് ഒരു മാതൃക വെച്ചിട്ടുണ്ട്. നിന്റെ പ്രമാണങ്ങളാൽ ഞാൻ വിവേകമുള്ളവനാകുന്നു. അതുകൊണ്ടു ഞാൻ സകലവ്യാജമാർഗ്ഗവും വെറുക്കുന്നു (സങ്കീർത്തനങ്ങൾ 119:104). നാം ശരിയായ വഴി മനസ്സിലാക്കുക മാത്രം പോരാ, തെറ്റായ വഴികളെ ഉപേക്ഷിക്കയും വേണം. കാരണം അവ നമ്മെ നാശത്തിലേക്കു നയിക്കും. "ആകയാൽ നിന്റെ സകലപ്രമാണങ്ങളും തെറ്റെന്നു എണ്ണി ഞാൻ സകല വ്യാജമാർഗ്ഗത്തെയും വെറുക്കുന്നു" (സങ്കീർത്തനങ്ങൾ 104:128). അതുകൂടാതെ പുതിയനിയമത്തിൽ ദുരുപദേഷ്ടാക്കന്മാരെ മുന്നറിയിച്ചിരിക്കുന്നതു, "ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും" (2 കൊരിന്ത്യർ 11:13-15).

പുരോഹിതന്മാർ, പാസ്റ്റർമാർ എന്നീ പേരുകളിൽ അറിയപ്പെടുന്നവരുണ്ട്. അവർക്കു ബൈബിൾ പരിജ്ഞാനമുണ്ടെന്ന് വിചാ

രിച്ച് അവർ പറയുന്നതെല്ലാം ശരിയായിരിക്കും എന്നു കരുതരുത് കാരണം അങ്ങനെ അനേകർ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. വ്യാജാത്മാക്കളുടേയും ഭൂതങ്ങളുടേയും ഉപദേശം കേൾക്കുന്നവർ വഞ്ചിക്കപ്പെടുന്നു. ധാരാളം ഉപദേശങ്ങളും ധാരാളം വഴികളും ലോകത്തിൽ പ്രചാരത്തിലുണ്ട്. അർവൈദ്യൻ ആളെക്കൊല്ലിയാണ് എന്നുപറയുന്നതുപോലെയാണ് ഇവരും. അവിടെയും ഇവിടെയും തൊടാതെ അവർ കാര്യങ്ങൾ പറയും. എനിക്ക് നിങ്ങളോട് പറയുവാനുള്ളത് ഏത് ആത്മാവിനേയും പരിശോധിക്കാതെ, ദൈവത്തിൽ നിന്നുള്ളവയാണ് എന്നു തീരുമാനിക്കരുത്. കേൾക്കുന്ന കാര്യങ്ങളെ വചനവുമായി ഒത്തു നോക്കുകയാണ് വേണ്ടത്. ബെരോവയിലെ ക്രിസ്ത്യാനികൾ കേട്ടതു വചനവുമായി പരിശോധിക്കുന്നവരായിരുന്നു (പ്രവൃത്തികൾ 17:11). ദൈവവചനത്തിൽ പറയുന്നതു മാത്രമേ വിശ്വസിക്കാവു. എഴുതിയിരിക്കുന്നതിനപ്പുറമായി നാം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6). സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാൻ ആളുകൾ തയ്യാറാകണം. സത്യത്തെ സ്നേഹിച്ച് അനുസരിക്കുന്നവരായാൽ മാത്രമേ നമുക്കു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കയുള്ളു.

## ഒരു വീഴ്ച്ചയെ കുറിച്ചു പൗലൊസ് മുന്നറിയിക്കുന്നുണ്ട്!

പൗലൊസിന്റെ കാലയളവിൽ തന്നെ വേർപിരിയലിന്റെ അടയാളത്തെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചു പോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. ഞങ്ങളെത്തന്നെ അല്ല, ക്രിസ്തുയേശുവിനെ കർത്താവു എന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നതു (2 കൊരിന്ത്യർ 4:3–5). സുവിശേഷത്തെ സാത്താൻ മറെച്ചു പിടിച്ചിരിക്കയാണ്. അതു സത്യസുവിശേഷത്തെയാണ്. വ്യാജസുവിശേഷം പ്രചാരത്തിൽ വരുത്തിയതുകൊണ്ട് അധികം ആളുകളും സത്യം അനുസരിക്കാതിരിക്കുന്നു.

ഇന്നു ദൈവവചനത്തിലെ പുസ്തകം, അദ്ധ്യായം, വാക്യം എന്നിവയേക്കാൾ പ്രാധാന്യം രോഗസൗഖ്യ പ്രകടനത്തിനു നല്കി ദൈവ വചന പ്രസംഗത്തിന്റെ പ്രാധാന്യത്തെ തുച്ഛീകരിക്കുന്നവരാണ് അധികവും. ഇതു ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. നമ്മുടെ പൊതുവിലുള്ള രക്ഷക്കായി ദൈവം വെച്ചിരിക്കുന്ന കൃപയുടെ വചനത്തെ രക്ഷാസന്ദേശമായിട്ടാണ് ദൈവം വെച്ചിരിക്കുന്നത്. "അതു നിമിത്തം അവർ ആരോഗ്യമുള്ളവരായി തീരേണ്ടതിനും യെഹൂദ കഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിനും അവരെ കഠിനമായി ശാസിക്ക" (തിത്തൊസ് 1:13,14). ദൈവികസത്യത്തിൽ നിന്നു നമ്മെ മറ്റൊന്നും വ്യതിചലിപ്പിക്കുവാൻ അനുവദിക്കരുത്! സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ് കർത്താവു പഠിപ്പിച്ചത് (യോഹന്നാൻ 8:32). പാപം നമ്മെ അടിമയാക്കും അതിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതു സത്യം എന്ന ദൈവ വചനമാണ്. ദൈവവചനത്തിന്റെ ശക്തി വളരെ വലുതാണ്. സന്ധിമജ്ജകളെ തുളച്ചു ചെല്ലുന്നതും നമ്മുടെ ഉള്ള് ശോധന ചെയ്യുന്നതുമാണ്. അതുകൊണ്ട് അതിനെ നിഷ്പക്ഷമായി നാം സ്വീകരിക്കണം.

## ദൈവത്തിന്റെ വിശുദ്ധന്മാരെ മതിയാവോളം മുന്നറിയിച്ചിരിക്കുന്നു!

വീണുപോകുന്ന പാപത്തിനെതിരായി തന്റെ ജനത്തെ കർത്താവു നിരന്തരമായി മുന്നറിയിച്ചിട്ടുണ്ട്. എബ്രായ സഹോദരങ്ങളെ മുന്നറിയിക്കുന്നതു നമുക്കു ശ്രദ്ധിക്കാം: "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു" (എബ്രായർ 10:26,27). ഒരിക്കൽ നാം ദൈവത്തിന്റെ സത്യപരിജ്ഞാനം മനസിലാക്കിയാൽ, അതു വിട്ട് അശുദ്ധിയിലേക്കു നമുക്കു എങ്ങനെ പോകാൻ കഴിയും? അങ്ങനെ പോകുന്നവരെ സാധാരണഗതിയിൽ തിരിച്ചു കൊണ്ടുവരുവാൻ പ്രയാസമാണ്. "സ്വർഗ്ഗീയ ദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാ

നുള്ള ദൈവത്തിന്റെ ശക്തിയും ആസ്വാദനം ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല" (എബ്രായർ 6:4–6).

"അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശ്ക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും. അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു" (2 തെസ്സലൊനിക്യർ 2:9–12). അനേകരുടെ വീഴ്ച്ചക്കു കാരണം സത്യത്തെ സ്നേഹിക്കാത്തതാണ്. സത്യത്തെ സ്നേഹിക്കുന്നവർക്കു അസത്യം വിശ്വസിക്കാൻ സാധ്യമല്ല. ഭോഷ്ക്ക് അവർ ഉപേക്ഷിക്കും. സത്യത്തിന്റെ പ്രാധാന്യം മനസിലാക്കി അതിന്റെ രുചി അനുഭവിച്ചവർക്കു അതു വിട്ടുപോകാൻ കഴിയുകയില്ല.

ദുരുപദേഷ്ടാക്കളും കള്ളപ്രവാചകന്മാരും എങ്ങനെയാണ് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നത്? "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൾ ഉണ്ടാകും. അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്ക്കാമ പ്രവൃത്തികളെ പലരും അനുകരിക്കും" (2 പത്രൊസ് 2:1, 2). പണ്ടു കള്ളപ്രവാചകന്മാർ ഉണ്ടായിരുന്നതുപോലെ ഇന്നുമുണ്ട്. കൂടാതെ ദുരുപദേഷ്ടാക്കന്മാരുമുണ്ട്. ഈ രണ്ടു കൂട്ടരുടെ പ്രവർത്തനഫലമായിട്ടാണ് മതഭേദങ്ങൾ അഥവാ ഭിന്നിപ്പ് ഉണ്ടാക്കിയിരിക്കുന്നത്. ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. ദൈവം ഇഷ്ടപ്പെടുന്നത് ഐക്യതയാണ്. ജനങ്ങളെ സത്യത്തിൽ നിന്നും നീതിയിൽ നിന്നും അകറ്റുന്ന ഇത്തരക്കാരെ സൂക്ഷിച്ചുകൊള്ളണമെന്നു വചനം മുന്നറിയിച്ചിരിക്കുന്നു.

## ഇന്നത്തെ ലോകസുഖം എന്ന ശാപം!

ഇന്നു നാം ജീവിക്കുന്ന കാലയളവിൽ ഭൗതികകാര്യങ്ങളിൽ കണ്ണുവെച്ചിരിക്കുന്നവർ അവരുടെ കണ്ണുകൾ ആത്മീയവയിലേക്കു തിരിക്കുവാൻ വളരെ പ്രയാസമാണ്! എന്നാൽ ആ വെല്ലുവിളിയാണ് എക്കാലവും ദൈവപൈതൽ നേരിടുന്നത്. ക്രിസ്ത്യാനികളായിത്തീർന്നവർ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റതുകൊണ്ട് അവർ ഉയരത്തിലുള്ളതാണ് ചിന്തിക്കേണ്ടത്. ഭൂമിയിലുള്ളതു ചിന്തിച്ചു സമയം പാഴാക്കിയാൽ നമുക്ക് ഉയരത്തിലുള്ളത് നഷ്ടമാകും. സ്വർഗ്ഗത്തിൽ ദൈവമക്കൾക്കായി വെച്ചിട്ടുള്ള അനുഗ്രഹങ്ങൾ, അവകാശങ്ങൾ, പ്രതിഫലങ്ങൾ അനവധിയാണ്. ഭൂമിയും ഭൂമിയിലുള്ളതെല്ലാം ഓരോരുത്തരും ശാരീരികമായി മരിക്കുമ്പോൾ നഷ്ടമാകും. ലൗകികമായ സുഖം ഇവിടെത്തന്നെ അവസാനിക്കും എന്നർത്ഥം; സ്വർഗ്ഗീയ സുഖം നിത്യമാണ്. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും (1 യോഹന്നാൻ 2:15-17).

നാം ദൈവത്തെ ഉപേക്ഷിക്കയാണ് ലോകത്തെ സ്നേഹിക്കുമ്പോൾ; അങ്ങനെ ദൈവത്തിൽ നിന്നകലുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഈ മൂന്നു വിധത്തിലാണ് ആളുകൾ പാപം ചെയ്യുന്നത്. അവയെല്ലാം നമ്മെ കുടുക്കിൽ പെടുത്തുന്നതാണ്. അതു കൊണ്ട് ചതി മോഹങ്ങളിൽ നാം കുടുങ്ങരുത്. "അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നോർക്ക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും, ഏഷണിക്കാരും ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊഥെയൊസ് 3:1-5). ദൈവ സ്നേഹത്തിൽ നിന്നു നമ്മെ അകറ്റുന്ന അനേക വഴികൾ നിങ്ങൾ കാണുന്നുണ്ടോ? യേശുക്രിസ്തു പറഞ്ഞിരിക്കുന്നതു "അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും. ലോകത്തിൽ അധാർമ്മികതയാണ് കൂടുതൽ. ദൈവിക ചിന്തയും ദൈവഭക്തിയും കുറഞ്ഞു വരികയാണ്. ലൗകിക ചിന്തയാണ് ആളുകളിൽ അധികവും.

## ഈ ആത്മാക്കളെ രക്ഷിക്കാൻ എന്തു ചെയ്യാം?

മറ്റൊരു തലമുറക്ക് യഹോവ ഇതിനു മറുപടി നല്കി: "ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്, കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിനു അവരുടെ ലംഘനത്തെയും യാക്കോബു ഗൃഹത്തിനു അവരുടെ പാപങ്ങളെയും അറിയിക്ക" (യെശയ്യാവ് 58:1). കർത്താവിന്റെ ദൂതൻ തടവിലായിരുന്ന അപ്പൊസ്തലന്മാർക്കു കൊടുത്ത സന്ദേശം "ഈ ജീവന്റെ വചനം ദൈവാലയത്തിൽ ചെന്നു ജനത്തോടു പ്രസ്താവിപ്പിൻ എന്നു പറഞ്ഞു" (പ്രവൃത്തികൾ 5:20). രക്ഷ ക്രിസ്തുവിന്റെ ഉപദേശത്തിലാണുള്ളത്. അതിനു പുറത്തു ദൈവം പോലും ഇല്ല (2 യോഹന്നാൻ 9,10). മനുഷ്യൻ ഇന്നു വ്യഭിചാരിണികളെ കണ്ടു രസിക്കയും പാപം കണ്ടു തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമല്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യർ" (1 പത്രൊസ് 2:15,16). ക്രിസതുവിലുള്ള രക്ഷ ഒരിക്കലും തള്ളിക്കളയരുത്.

## കഴിഞ്ഞ കുറ്റം അടക്കം ചെയ്യൽ

ഏറ്റു മുട്ടലുകൾ മാറ്റുവാൻ ശ്രമിക്കുന്ന ആർക്കും നിരുത്സാഹം ഏറ്റവും വലിയ പ്രശ്നമായി തീരുക എളുപ്പമാണ്. മുൻകാലങ്ങളിലെ കുറ്റമാണ് നിരുത്സാഹത്തിനുള്ള ഒരു കാരണം. ഉദാഹരണമായി ഷെയിക്സ്പിയറിന്റെ മാക്ബെത്ത്, ഈ മാക്ബെത്ത് എന്ന സ്ത്രീ തന്റെ ഭർത്താവിന്റെ സിംഹാസനാരോഹണത്തിനു വേണ്ടി മുൻപുണ്ടായിരുന്ന രാജാവിനെ കൊല്ലുന്നതിൽ പങ്കു ചേർന്നിരുന്നു. എങ്ങനെയായാലും തന്റെ മക്കൾ വിഷമിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. "നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നേ എഴുതിയിരിക്കുന്നു" (റോമർ 15:4) പിന്നെ വചന പ്രകാരം എല്ലാ ജ്ഞാനവും കുറ്റം തുടച്ചു നീക്കുവാൻ നല്കിയിരിക്കുന്നു.

ആദ്യമായി, കുറ്റമുള്ള അല്ലെങ്കിൽ ദുഷിച്ച മനസ്സാക്ഷിയുള്ള ഒരാൾ നാശത്തിലേക്കു പോകയും തുടർന്നു ദൈവത്തെ അന്വേഷിച്ച്, താല്പര്യപൂർവ്വം കുറ്റത്തിന്റെ പിടിയിൽ നിന്നു മോചിതനാവാൻ ശ്രമിക്കയും ചെയ്തിരുന്നു. എന്നാൽ, അതിന്റെ ഉദ്ദേശം സാധി

ച്ചാൽ, കുറ്റത്തെ മാറ്റി നിർത്തണം. ഈ നടപടി സ്നാനത്തിൽ ആരംഭിക്കുന്നു, അവിടെയാണ് ക്രിസ്തുവിനോടു കൂടെ ക്രൂശിച്ച് പഴയ മനുഷ്യനെ നീക്കം ചെയ്തത് (റോമർ 6:6). വാസ്തവത്തിൽ ഈ കുറ്റം നമ്മുടെ ഉള്ളിൽ നിന്നു നീങ്ങിപ്പോകുവാൻ നമുക്കു ധാരാളം കാര്യങ്ങൾ ബോധ്യമാകേണ്ടതുണ്ടെന്നു നമ്മുടെ പിതാവിന് അറിയാം. ദൈവപൈതലിന് അവന്റെ മനസ്സാക്ഷി ശുദ്ധമാകാൻ വലിയ കാര്യങ്ങൾ ദൈവം തന്നെ ഒരുക്കിയിട്ടുണ്ട്.

പഴയ നിയമ സമാഗമന കൂടാരം, ദൈവാലയം, യാഗങ്ങൾ എന്നിവ യിസ്രായേലിന് ദൈവത്തോടു കണക്കു കൊടുക്കേണ്ട ഉത്തരവാദിത്വത്തെ ബോധ്യപ്പെടുത്തുന്നു. "ഈ യാഗങ്ങളിൽ" എബ്രായ ലേഖകൻ പറയുന്നു, "ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു" (എബ്രായർ 10:3). എന്നാൽ ഇവ, ക്രിസ്ത്യാനികൾക്കു വരുവാനുള്ളതിന്റെ നിഴൽ "പാപം ക്ഷമിച്ചു കിട്ടി എന്നതിന്റെ അറിവ് നല്കുന്നു".

ലേവ്യാപുസ്തകം 16-ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ തന്റെയും തന്റെ കുടുംബത്തിന്റെയും പാപങ്ങളുടെ പ്രായശ്ചിത്തമായി കാളക്കുട്ടിയെ യാഗമായി അർപ്പിക്കുന്നു. പിന്നെ കാളക്കുട്ടിയെ ഉപയോഗിച്ച നടപടി പോലെ, മഹാപുരോഹിതൻ ഒരാട്ടിൻ കൊറ്റനേയും ചെയ്യും - വിശുദ്ധ സ്ഥലത്തിനു മുൻപുള്ള യാഗപീഠത്തിന്റെ മുൻപിൽ വെച്ച് അതിനെ കൊന്ന്, ആ ആടിന്റെ രക്തം എടുത്ത്, സമാഗമന കൂടാരത്തിന്റെ പുറത്ത് (അല്ലെങ്കിൽ, പിന്നീട് ദൈവാലയം) പുറകു വശത്ത് വന്ന്, പുറത്തെ മുറിയും അകത്തെ മുറിയും തമ്മിൽ വേർതിരിച്ചിരിക്കുന്ന തിരശ്ശീലയ്ക്കകത്തു കടന്ന്, ആ മൃഗരക്തം നിയമപെട്ടകത്തിനു മുകളിൽ രൂപപ്പെടുത്തിയ "കൃപാസനത്തിൽ വെച്ചിട്ടുള്ള ധൂപവർഗ്ഗത്തിൽ തളിക്കും. അതിനു ശേഷം, അവന്റെ ശുശ്രൂഷകളെല്ലാം കഴിഞ്ഞ്, അവൻ വീണ്ടും-ജനങ്ങൾക്കു പ്രത്യക്ഷനായി രണ്ടാമത്തെ ബലിയാട് എന്നുവിളിക്കുന്ന ആട്ടിൻകുട്ടിയുടെ മേൽ കൈവച്ച് യിസ്രായേലിന്റെ പാപങ്ങൾ ഏറ്റു പറയും. ആ ആടിനെ പിന്നെ വനത്തിൽ കൊണ്ടുപോയി സ്വതന്ത്രമായി വിടുന്നു എന്നത് യിസ്രായേലിന്റെ പാപത്തെ ഒരുവർഷത്തോടു കൂടെ പിന്തള്ളിക്കളഞ്ഞിരിക്കുന്നു എന്നതിന്റെ സൂചനയാണ്.

ഏതാണ്ട് ഈ ചടങ്ങ് 1500 വർഷങ്ങളോളം ഭൗതികമായ ഗോള

ത്തിൽ ഓരോ വർഷവും നടന്നു വന്നു. അങ്ങനെ സ്വർഗ്ഗീയ യെരുശലേമിലേക്കുള്ള ആധുനിക വിശുദ്ധനു ആത്മീയമായി മനസ്സിലാക്കാനുള്ള ഭൗതിക സ്പർശനമായി തീർന്നു. "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടേയും പശുക്കിടാങ്ങളുടേയും രക്തത്താലല്ല, സ്വന്ത രക്തത്താൽ വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു" (എബ്രായർ 9:11, 12). ഈ ഭൗതിക കാര്യങ്ങൾ നമ്മുടെ മനസിൽ മായാതെ യേശുവിനെ ഒരു ആത്മീയ മഹാപുരോഹിതനായി, നമ്മുടെ പാപങ്ങൾ മോചിക്കുവാൻ ആത്മീയ വസ്ത്രത്തിൽ അവന്റെ ആത്മീയ രക്തം തളിക്കുന്നു.

"അതനുസരിച്ച്" ലേഖകൻ പറയുന്നു ഭൗതിക യെരുശലേം നല്കിയതായ, "യാഗങ്ങളും വഴിപാടുകളും ആരാധകന്റെ മനസ്സാക്ഷി പൂർണ്ണമായി ശുദ്ധീകരിക്കാൻ പര്യാപ്തമായിരുന്നില്ല" (എബ്രായർ 9:9) ജഡത്തിലുള്ള യിസ്രായേലിന്റെ മനസ്സാക്ഷി ശുദ്ധമായില്ല! ദൈവത്തിന്റെ ഹൃദയത്തിനു ബോധിച്ച മനുഷ്യനായിരുന്ന ദാവീദ്, ശുദ്ധഹൃദയത്തിനു വേണ്ടി നിലവിളിച്ചു, എന്നാൽ അവന്റെ കാലത്തിൽ അതു ലഭിച്ചില്ല. അതുകൊണ്ട്, അതു പറഞ്ഞശേഷം, "ആട്ടുകൊറ്റന്മാരുടെയും കാളകളുടേയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നുവെങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രായർ 9:13, 14). ഈ അനുഗ്രഹം പുതിയ ഉടമ്പടിയിൻ കീഴിൽ മാത്രമേ ലഭിക്കുന്നുള്ളു.

ഇവിടെ പല കാര്യങ്ങൾ പ്രാധാന്യം അർഹിക്കുന്നതായിട്ടുണ്ട്:

> മനസാക്ഷി ശുദ്ധീകരിക്കപ്പെടാതെ ആർക്കും ദൈവത്തെ ശരിയായി സേവിക്കാൻ സാദ്ധ്യമല്ല; ദൈവത്തെ ശുശ്രൂഷിക്കാൻ തുടങ്ങുന്നതിനു മുൻപ്, ശുദ്ധീകരണം വേണമെന്ന് തിരുവെഴുത്തു വ്യക്തമായി പറയുന്നു. കുറേ നാള

ത്തേയ്ക്ക്, ഒരാൾ പുറമേ എല്ലാം ശരിയായി പോകുന്നുണ്ടാകാം, എന്നാൽ അശുദ്ധമനസാകാം അവനെ മലിനമാക്കയും, അവൻ പറയുന്നതും, സ്പർശിക്കുന്നതും ദൈവരാജ്യത്തിനു ദോഷമായി തീരും. അപ്പൊസ്തലനായ പൗലൊസ് തിത്തൊസിനെ ഉപദേശിക്കുന്നു, "ശുദ്ധിയുള്ളവനു എല്ലാം ശുദ്ധം തന്നെ. എന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല. അവരുടെ ചിത്തവും മനസ്സാക്ഷിയും മലിനമായി തീർന്നിരിക്കുന്നു. അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നുവെങ്കിലും പ്രവൃത്തികളാൽ അവനെ നിഷേധിക്കുന്നു. അവർ അറെക്കത്തക്കവരും അനുസരണം കെട്ടവരും യാതൊരു നല്ല കാര്യത്തിനും കൊള്ളാത്തവരുമാകുന്നു" (തിത്തൊസ് 1:15, 16). ഇതിനെ ഒരു നിസ്സാര കാര്യമായി കണക്കാക്കരുത്! മലിനപ്പെട്ട മനസ്സാക്ഷിയോടെ, പുറമേ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുക മാത്രം ചെയ്യുന്നതാണ് ദൈവത്തിന്റെ സഭയിലെ നാശകരമായ പ്രവണത. ആദ്യം തന്നെ യൂദ മുന്നറിയിക്കുന്നു: "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവായി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു, അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നെ എഴുതിയിരിക്കുന്നു" (യൂദ 4) അങ്ങനെ, തിമൊഥെയൊസിനെ പോലെ, നമ്മെയും പ്രബോധിപ്പിക്കുന്നു "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി" (1 തിമൊഥെയൊസ് 1:19). കുറ്റമുള്ള മനസ്സാക്ഷിയോടെ ദൈവത്തെ ആർക്കും സേവിക്കാൻ സാധ്യമല്ല.

പഴയ നിയമത്തിന്റെയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളുടെയും മുഖ്യ ഉദ്ദേശങ്ങളിൽ ഒന്നാണ്, നല്ല ഉദേശത്തോടെ പുതിയ നിയമം അനുസരിക്കുന്നവർക്കു അവരുടെ അശുദ്ധമായ മനസാക്ഷിയുള്ളവരെ, സാത്താൻ

ശുദ്ധീകരിക്കപ്പെട്ടിരിക്കയാണെന്ന് തെറ്റായി ധരിപ്പിച്ചിരിക്കുന്നത്. അതുപോലെ ശുദ്ധീകരിക്കപ്പെട്ട മനസാക്ഷിയുള്ളവരുടേത് അശുദ്ധമാണെന്ന് സാത്താൻ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കും. ആത്മാക്കളുടെ ശുദ്ധീകരണം പ്രാപിച്ചവരെക്കുറിച്ചു അപ്പൊസ്തലനായ പത്രൊസ് പരാമർശിക്കുന്നത് "സത്യത്തെ അനുസരിക്കയാൽ" എന്നാണ് (1 പത്രൊസ് 1:22) തെറ്റ് അനുസരിച്ച്, ആർക്കും ആത്മാവ് ശുദ്ധീകരിക്കാനാവില്ല; ആളുകളുടെ മനസ് തല തിരിച്ച് നിർത്താനാണ് സാത്താൻ ആളുകളിൽ ആഗ്രഹിക്കുന്നത്. മൃഗരക്തങ്ങളെയും ക്രിസ്തുവിന്റെ രക്തത്തേയും താരതമ്യം ചെയ്തുകൊണ്ട് പരിശുദ്ധാത്മാവു പറയുന്നു, "എത്ര അധികം" എന്ന് ദൈവ ശക്തിയാൽ നല്ല മനസാക്ഷിയായി ശുദ്ധീകരിക്കപ്പെട്ടവരോട് ഉറപ്പിച്ചു പറയുന്നതാണ്.

ശുദ്ധീകരിക്കുന്ന മാദ്ധ്യമം ക്രിസ്തുവിന്റെ രക്തമാണ്: "അവന്റെ രക്തത്താൽ നാം നീതീകരിക്കപ്പെട്ട്" എന്ന പ്രയോഗം. യേശു ക്രൂശിൽ മരിച്ചപ്പോൾ ക്രിസ്തുവിന്റെ ശരീരമുറിവിൽ നിന്നൊഴുകിയ രക്തമാണ് ഒരാളെ അവന്റെ അടുത്ത് നിർത്തുന്നത് (റോമർ 5:9). ആത്മിയ സമാഗമന കൂടാരത്തിൽ മഹാ പുരോഹിതനായി അവൻ അർപ്പിച്ച രക്തത്തിൽ ഒരാൾ "വിശ്വാസം" അർപ്പിക്കുന്നു. അപ്പൊസ്തലൻ റോമയിലെ സഹോദരന്മാർക്കു എഴുതുമ്പോൾ അതു വ്യക്തമാക്കുന്നു, "....വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തം ആകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമർ 3:25). പ്രായശ്ചിത്ത സ്ഥാനം സ്വർഗ്ഗത്തിലെ വാസ്തവത്തിലുള്ള വിശുദ്ധ സ്ഥലത്തുള്ള ആത്മീയ കൃപാസനം അത്രേ. "യേശുവിന്റെ രക്തത്താൽ വിശ്വാസത്താൽ നമുക്കു കൃപാസനത്തോട് "നമുക്കു അടുത്തു ചെല്ലാം" പിന്നെ അവൻ പറയുന്നു, "അതുകൊണ്ട് നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി അടുത്തു ചെല്ലുക" (എബ്രായർ 10:19,22).

കഴിഞ്ഞ കാലത്തിൽ പരാജയപ്പെട്ടവർ അങ്ങനെ ക്രിസ്തുവിനോടു കൂടെ സ്നാനത്തിൽ അടക്കം ചെയ്യുന്നു. വീണ്ടും എബ്രായലേഖകൻ ഊന്നിപ്പറയുന്നു, ദൈവം അനുസരിക്കുന്നവരോട് ഉടമ്പടി ചെയ്യുന്നു, വീണ്ടും ആ പ്രസ്താവന നല്കി പറയുന്നു, "അവരുടെ പാപങ്ങളേയും അകൃത്യങ്ങളേയും ഇനി ഓർക്കയുമില്ല" (എബ്രായർ 10:17,18). അപ്പൊസ്തലനായ പൗലൊസ് പറയുന്നു: "നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലൊസ്യർ 3:3). എന്തെങ്കിലും മറഞ്ഞിരുന്നാൽ കാണാൻ സാദ്ധ്യമല്ല; എന്തെങ്കിലും കാണുന്നതു, മറക്കാനും സാദ്ധ്യമല്ല. സ്നാനത്തിൽ ക്രിസ്തുവിനോടു കൂടെ അടക്കപ്പെടുമ്പോൾ, കുറ്റമുള്ള മനസാക്ഷി നീങ്ങിപ്പോകുന്നു, പഴയകാല പരാജയവും കുറ്റമുള്ള മനസാക്ഷിയും നീങ്ങും.

## ഉൽക്കണ്ഠയിൽ നിന്നുള്ള മോചനം

ഉൽക്കണ്ഠയും വിഷാദവും വാസ്തവത്തിലുള്ള പ്രശ്നങ്ങളായതുകൊണ്ട് ദൈവ വചനത്തിൽ അതിനു പരിഹാരവുമുണ്ട്. "ദൈവം" അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "എളിയവരെ ആശ്വസിപ്പിക്കുന്നു" (2 കൊരിന്ത്യർ 7:6). ക്രിസ്തുവിൽ അതിനെ സ്വായത്തമാക്കാതെ ആശ്വാസവും പ്രോത്സാഹനവും വരുന്നില്ല. കർത്താവായ യേശു കല്പിച്ച് പറയുന്നു, "'എന്തു തിന്നും?' അല്ലെങ്കിൽ 'എന്തു കുടിക്കും?' അല്ലെങ്കിൽ 'എന്തുടുക്കും?' " എന്നു പറയുന്നു (മത്തായി 6:31). മനസ്സിന്റെ ഒരു തീരുമാന പ്രവൃത്തി എന്ന സൂചനയാണ് ഉൽക്കണ്ഠ മാറ്റാൻ കഴിയും എന്നു കല്പിച്ചിരിക്കുന്നത്. അപ്പോൾ, മനസ്സ്, ഉൽക്കണ്ഠ അവസാനിപ്പിക്കുവാൻ തീരുമാനിക്കേണ്ടതിന്നു കാരണങ്ങൾ വേണം. ആഹാരം, വസ്ത്രം എന്നിവയെക്കുറിച്ച്, ഉദാഹരണമായി ചർച്ച ചെയ്യുവാൻ കർത്താവ് പറഞ്ഞു, "ഇവയെല്ലാം ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ" (മത്തായി 6:32). സർവ്വത്തെയും സൃഷ്ടിച്ച ദൈവം ക്രിസ്ത്യാനിക്കു സഹായം ആവശ്യമുണ്ടെന്ന് അറിയാം എന്നതും വ്യക്തിപരമായി അവൻ അതിൽ ഉടപെടുമെന്നതും ആശ്വാസകരമത്രേ. എങ്ങനെയായാലും, ദൈവ സഹായ വാഗ്ദാനം

കടന്നുപോകുന്നതല്ല, പിന്നെയോ പ്രവർത്തിക്കുന്നതാണ്. "മുമ്പേ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുക" അതു ചെയ്താൽ കർത്താവു പറയുന്നു, "എന്നാൽ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും" (മത്തായി 6:33). രാജ്യമാണ് പ്രഥമ പരിഗണനയിൽ വരേണ്ടത് എന്നു വിശുദ്ധൻ തീരുമാനിക്കണം, കൂടാതെ ദൈവത്തിന്റെ നീതിയുള്ള നിലവാരത്തെയും പിൻ പറ്റി വ്യക്തിയുടെ ഭാഗത്ത് ഈ കല്പന നടപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ അയാൾ ഉള്ളുകൊണ്ട് മാറ്റുവാൻ വാസ്തവത്തിൽ അയാൾ ഗൗരവമായി പരിഗണിക്കുന്നില്ല എന്നാണ്.

ഉൽക്കണ്ഠ അതി ജീവിക്കുവാൻ വചനത്തിൽ എഴുതിയിരിക്കുന്നു. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്" അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലിപ്പിയർ 4:6). അച്ചടക്കത്തിൽ ജീവിച്ചു പ്രാർത്ഥനാ ജീവിതത്തിലുള്ളവരുടെ പ്രാർത്ഥനക്കു മറുപടി നല്കുമെന്ന് ഉദാഹരണങ്ങൾ വചനത്തിലുണ്ട്. അതിലൊന്ന് ദാനിയേലിന്റേതാണ് വിശുദ്ധ ലിഖിതങ്ങളിൽ ആർക്കു വേണ്ടിയാണോ എഴുതിയത് അതിൽ വ്യക്തമാക്കിയിരിക്കുന്നു:"താൻ മുമ്പേ ചെയ്തു വന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു" (ദാനിയേൽ 6:10). യാക്കോബ് പറഞ്ഞു, "ഏലിയാവു നമുക്കു സമ സ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു, മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തു നിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു" (യാക്കൊബ് 5:17, 18). നമ്മുടെ കർത്താവായ യേശുവും, ഇങ്ങനെ പറയുന്നു, "അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കൊസ് 5:16). ഈ മനുഷ്യർ തങ്ങളുടെ ഉൽക്കണ്ഠ സമയത്തു പ്രാർത്ഥിച്ചിരുന്നു, അതുകൊണ്ട് അവരുടെ സമ്മർദ്ദവേളയിൽ സ്വർഗ്ഗീയ പിതാവ് അവരെ കൈവിട്ടില്ല. നിരന്തര പ്രാർത്ഥനാ സ്വഭാവമുള്ളവർക്ക് ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നതു. അതിനാൽ അവൻ പ്രാർത്ഥനക്കു മറു

പടിതരുമെന്ന് അറിയാം: ദു:ഖിക്കേണ്ട ആവശ്യമില്ല കാരണം എല്ലാം നീങ്ങുന്നത് സർവ്വ ശക്തന്റെ പദ്ധതി പ്രകാരമാണ്.

ആവേശകരമായ ദിവസന്തോറുമുള്ള പ്രാർത്ഥനയുടെ രൂപം താഴെകൊടുക്കുന്നു:

*സങ്കീർത്തനത്തിലെ ഒരു ഭാഗം ഉപയോഗിക്കുക:*

*-അവൻ ആരാണെന്നതിന് ദൈവത്തെ പുകഴ്ത്തുക*

*-പ്രാർത്ഥിക്കുന്ന വ്യക്തിയോട് ദൈവം അർത്ഥമാക്കിയതിന് ദൈവത്തെ സ്തുതിക്കുക*

*-പാപത്തെ ഏറ്റു പറയുന്ന ഭാഗം എടുക്കുക.*

*-പാട്ടിൽ ദൈവത്തിന്നു പുകഴ്ച്ച കൊടുക്കുക.*

*-പുതിയ നിയമത്തിൽ നിന്നൊരു ഭാഗം എടുക്കുക:*

*-ദൈവ വചനത്തെ ധ്യാനിക്കുക*

*-ദൈവവചനത്തിൽ നിന്നു സ്തുതിക്കുവാനുള്ള സമയം*

*-ദൈവ വചനത്തിൽ നിന്നു നന്ദി പറയുവാനുള്ള സമയം*

*അപേക്ഷകളും യാചനകളും*

*അന്യദേശങ്ങളിൽ സുവിശേഷം അവർ സ്വീകരിക്കേണ്ടതിന്നു അവിടെയുള്ള ജനങ്ങൾക്കു വേണ്ടി പക്ഷപാതം ചെയ്യുക.*

*പാട്ടു പാടി ദൈവത്തെ സ്തുതിക്കുക*

ഈ വിധത്തിൽ ദൈവത്തോടടുത്ത് ദിവസേന പ്രാർത്ഥിക്കുന്ന വിശുദ്ധൻ ഒരിക്കലും ആകുല ചിത്തനാകുകയില്ല, കാരണം എല്ലാ സാഹചര്യങ്ങളിലും അയാൾ ദൈവത്തെ സ്തുതിച്ചു നന്ദി കരേറ്റുകയും ദൈവത്തിൽ ആശ്രയിക്കാൻ പഠിക്കയും ചെയ്യും. ഇതു ഉത്ക്കണ്ഠക്കും വിഷാദത്തിനുമുള്ള ഉടനെയുള്ള പരിഹാരമല്ല, എന്നാൽ ഇതു മാത്രമാണ് സത്യത്തിലുള്ള പ്രതിവിധി "മരുന്നു കഴിച്ചാലുടനെ ഭേദമാകണം" എന്നു ചിന്തിക്കുന്നലോകത്തിൽ ഉടനടി തയ്യാറാക്കുന്ന ആഹാരം തൊട്ട്, നിസാര തലവേദനക്കുപോലും, പെട്ടെന്ന് എളുപ്പത്തിൽ "ഭേദം" ആകണം. അതു ആകുലതക്കാണെങ്കിലും വിഷാദത്തിനാണെങ്കിലും മെഡിക്കൽ സ്റ്റോറിലെ മരുന്നിനായി ചെല്ലും, എന്നാൽ പരിശുദ്ധാത്മാവും പറഞ്ഞിരിക്കുന്നു, പ്രാർത്ഥന പരിശീലിക്കുന്ന ക്രിസ്ത്യാനി, എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും" (ഫിലിപ്പിയർ 4:7). ക്രിസ്തുവിനെ അനുഗമിക്കുന്ന ആൾ മനസ്സിനെയും ഹൃദയത്തെയും

സൂക്ഷിക്കാൻ കഴിയാത്തതിന്റെ കാരണം ദൈവ നിർദ്ദേശങ്ങൾ അനു
രിച്ച് അച്ചടക്കത്തിൽ ജീവിച്ച് ഉൽക്കണ്ഠയെയും വിഷാദത്തെയും അ
ജീവിക്കാത്തതുകൊണ്ടാണ്.

ഒരു ശിഷ്യൻ വാസ്തവത്തിൽ ഉൽക്കണ്ഠ അതിജീവിക്കുവാൻ ത
ജീവിതത്തിൽ ദൈവം അവരിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്ന
ചെയ്യണം "അതുകൊണ്ട് അവൻ തക്ക സമയത്ത് നിങ്ങളെ ഉയർത്ത
വാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ്" "താണിരിപ്പിൻ" അവ
നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവ
അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രൊസ് 5:6,7). പിതാവ് അവ
വ്യക്തിപരമായി സ്നേഹിക്കുന്നു എന്നുറപ്പിച്ച്, വിശുദ്ധൻ സ്വമനസ്സാ
പ്രാർത്ഥനയിൽ ദൈവത്തിന്നു കീഴ്പ്പെടുകയും, ദൈവം തന്റെ ഭുജവീ
ത്താൽ അവന്റെ ഭാരങ്ങളെ നീക്കി നീതി പാതകളിൽ അവനെ നടത്തു
ഉൽക്കണ്ഠയിൽ നിന്നു മോചനം ആഗ്രഹിക്കുന്നവർക്കു സദൃശവാക
ങ്ങൾ വാസ്തവമാണ്: "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആ
യിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്" (സദൃശവാക്യങ്ങൾ 3:5). "ഗു
മുള്ള ജീവിതം" ആണ് ശരിയായ ജീവിതങ്ങൾ.

## നാം ക്രൂശിലെ കള്ളനെപ്പോലെ ആണോ രക്ഷിക്കപ്പെടുന്നത്?

ക്ലിഫോർഡ് ഡിക്സൺ

രണ്ടു കള്ളന്മാരുടെ നടുവിലായിരുന്നു യേശുവിനെ ക്രൂശിര
തറെച്ചത്. അതിൽ ഒരു കള്ളൻ പുരുഷാരത്തോടൊപ്പം നിന്നെത്തനെ
രക്ഷിപ്പാനാണ് പറഞ്ഞത്. എന്നാൽ മറ്റേ കള്ളൻ, ആ കള്ളനെ ശാസ
ക്കയും യേശുവിനോടു നീ രാജത്വം പ്രാപിച്ചുവരുമ്പോൾ തന്നെയു
ഓർത്തുകൊള്ളേണം എന്നപേക്ഷിക്കയും ചെയ്തു. "ഇന്നു നീ എന്നോ
ടുകൂടെ പറുദീസയിൽ ഇരിക്കും" എന്നു യേശു അവനോടു പറഞ്ഞ
(ലൂക്കൊസ് 23:39-43). വിശ്വാസത്താൽ മാത്രം രക്ഷപ്രാപിക്കാൻ കഴിയു
എന്നു വിശ്വസിക്കുന്ന അനേകം പേർ പറയുന്നതു "ക്രൂശിലെ കള്ളന
സ്നാനപ്പെട്ടില്ലല്ലൊ അതുകൊണ്ടു എനിക്കും സ്നാനം കൂടാതെ രക്ഷ
ക്കപ്പെടാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്" എന്നത്രെ. നാം സത്യസന്ധ
മായി ഈ സാഹചര്യത്തെ വിലയിരുത്തേണ്ടതാണ്. ക്രൂശിലെ കള്ളനെ
പോലെ നമുക്കു രക്ഷിക്കപ്പെടാൻ കഴിയുമോ?

1. ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ലായിരുന്നു എന്നു നിങ്ങൾക്കു ഉറപ്പുണ്ടോ? യോഹന്നാൻ യെരുശലേമിലും, യെഹൂദ്യയിലും യോർദ്ദാന്റെ കരയിലും എല്ലായിടത്തും ഉള്ളവരെ സ്നാനപ്പെടുത്തിയിരുന്നു (മത്തായി 3:5-6). തുടർന്നു യേശുവിന്റെ ശിഷ്യന്മാർ യോഹന്നാനേക്കാൾ അധികം പേരെ സ്നാനപ്പെടുത്തിയിരുന്നു (യോഹന്നാൻ 4:1). ആ കള്ളൻ ആ കൂട്ടത്തിൽ സ്നാനപ്പെടുകയും പിന്നീടു കള്ളനായിത്തീരുകയും ചെയ്തിരിക്കാനിടയില്ലേ? അവൻ സ്നാനപ്പെട്ടിരുന്നു എന്നു നാം തറപ്പിച്ചു പറയുന്നില്ല; എന്നാൽ അവൻ സ്നാനപ്പെട്ടിരുന്നില്ല എന്നു പറയുന്നവർക്കു അതു തെളിയിക്കാൻ സാധ്യമല്ല. മാത്രമല്ല, സ്നാനം ഏറ്റു എന്നു ഊഹിക്കാനാണ് തെളിവു നല്കുന്നതു.

2. ക്രൂശിലെ കള്ളൻ അന്യാധീനപ്പെട്ട പാപിയായിരുന്നോ അതോ തെറ്റിപ്പോയ പാപിയായിരുന്നോ? ഒരു യിസ്രായേല്യൻ എന്ന നിലക്കു അവൻ മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലായിരുന്നുവല്ലോ. അപ്പോൾ അവൻ ദൈവമകൻ ആയിരുന്നു. അന്യാധീനപ്പെട്ട പാപിയോടുള്ള പാപക്ഷമാപണവും തെറ്റിപ്പോയ പാപിയോടുള്ള ക്ഷമാപണവും തമ്മിൽ വ്യത്യാസമുണ്ട്. തെറ്റിപ്പോയ ഒരാൾ മാനസാന്തരപ്പെട്ട് തന്റെ തെറ്റ് ഏറ്റുപറഞ്ഞു ക്ഷമാപണത്തിനായി പ്രാർത്ഥിക്കണമായിരുന്നു (പ്രവൃത്തികൾ 8:22; യാക്കോബ് 5:16). അന്യാധീനപ്പെട്ട പാപി ഇന്ന് യേശുക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് യേശു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കണം. കാരണം കർത്താവു മരിച്ചശേഷം പുതിയനിയമമാണ് പ്രാബല്യത്തിലിരിക്കുന്നത് (മർക്കോസ് 16:16; പ്രവൃത്തികൾ 22:16; 2:38; റോമർ 10:10). ഭൂതകാല സംഭവങ്ങൾ ആ കാലത്തു പ്രാബല്യത്തിലിരുന്ന നിയമത്താലാണ് നയിക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്നു വർത്തമാനകാലനിയമമാണ് നാം അനുസരിക്കേണ്ടത്.

3. ക്രൂശിലെ കള്ളനോട് ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്നു പറഞ്ഞപ്പോൾ യേശുവിന്റെ നിയമം നിലവിൽ വന്നോ? ഒരു നിയമം പ്രാബല്യത്തിൽ വരുവാൻ നിയമകർത്താവിന്റെ മരണം ആവശ്യമായിരുന്നു (എബ്രായർ 9:16,17). അന്നു ക്രിസ്തു

മരിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അവന്റെ നിയമം നിലവിൽ വന്നിട്ടില്ലായിരുന്നു. ഉദാഹരണമായി ഒരാൾ ജീവനോടെ ഇരിക്കുമ്പോൾ അയാളുടെ വസ്തു അയാൾക്ക് ഇഷ്ടമുള്ള രീതിയിൽ ക്രയവിക്രയം നടത്താം. അയാൾ ഒരു ഒസ്യത്ത് എഴുതിവെച്ചശേഷം മരിക്കുന്നുവെങ്കിൽ, അതുപ്രകാരം മാത്രമേ അതു ക്രയവിക്രയം നടത്താവു. നിയമം പ്രാബല്യത്തിലായി എന്നർത്ഥം. അതുപോലെ തന്നെയാണ് ക്രിസ്തുവിന്റെ നിയമവും. ക്രിസ്തുവിനാണ് പാപങ്ങൾ മോചിക്കുവാനുള്ള അധികാരം. അതുകൊണ്ട് അവൻ അതു എങ്ങനെ എന്ന് വെളിപ്പെടുത്തിയിരിക്കയാണ്. അതാണ് നാം അനുസരിക്കേണ്ടത്.

യേശു പടകിൽ കയറി ഇക്കരെക്കു കടന്നു സ്വന്ത പട്ടണത്തിൽ എത്തി അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടു വന്നു; യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോടു, മകനേ, ധൈര്യമായിരിക്ക, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ശാസ്ത്രിമാരിൽ ചിലർ ഇവൻ ദൈവദൂഷണം പറയുന്നു എന്നു ഉള്ളം കൊണ്ടു പറഞ്ഞു. യേശുവോ അവരുടെ നിരൂപണം ഗ്രഹിച്ചു. നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നത് എന്ത്? നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റു കിടക്ക എടുത്തു നടക്ക, എന്നു പറയുന്നതോ ഏതാണു എളുപ്പം എന്നു ചോദിച്ചു എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ട് എന്നു നിങ്ങൾ അറിയേണ്ടതിനു അവൻ പക്ഷവാതക്കാരനോടു എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു (മത്തായി 9:1-6). ക്രിസ്തു തന്റെ വ്യക്തിപരമായ ശുശ്രൂഷാസമയത്ത് പലരുടേയും പാപങ്ങൾ പലവിധത്തിൽ മോചിച്ചു കൊടുത്തിട്ടുണ്ട്. യേശുവിനെ കാണുവാൻ വാഞ്ഛിക്കയും അതിനായി കാട്ടത്തിമേൽ കയറി ഇരുന്നു കാണുകയും ചെയ്തു. യേശു അവന്റെ വീട്ടിൽ ചെന്നു അവനോടു പറഞ്ഞതു ഇന്നു രക്ഷ നിന്റെ വീട്ടിൽ വന്നു എന്നാണ് (ലൂക്കൊസ് 19:1-10). അവരാരും യേശുവിന്റെ പുതിയ നിയമം വന്നശേഷം ജീവിച്ചിരുന്നവരല്ല. നാം ഓരോരുത്തരും ഇന്നു ജീവിച്ചിരിക്കുമ്പോൾ നമ്മെ ബാധിക്കുന്ന നിയമം ആണ് അനുസരിക്കേണ്ടത്. അല്ലാതെ അനുസരിക്കാതിരിപ്പാൻ ന്യായീകരണം കണ്ടെത്തുകയല്ല ചെയ്യേണ്ടത്.

★

## തപാൽ ബോംബ് വീണ്ടും

സംസ്ഥാനത്തെ ഞെട്ടിച്ചുകൊണ്ട് വീണ്ടും തിരുവനന്തപുരത്ത് തപാൽ ബോംബ്. രണ്ട് ആഴ്ച മുൻപ് ഭീഷണിക്കത്തുകൾ ലഭിച്ച ഐരാണിമുട്ടം ഹോമിയോ കോളേജിന്റെയും മണക്കാട് ബീനാ കോട്ടേജിൽ ബീനയുടെയും പേരിൽത്തന്നെ പോസ്റ്റ് ചെയ്യപ്പെട്ട രണ്ടു തപാൽ ബോംബുകൾ കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാംപസിലെ പോസ്റ്റ് ഓഫീസിൽ ജീവനക്കാർ തിരിച്ചറിഞ്ഞു. പൊലീസിനു കൈമാറി. സിറ്റി പൊലീസ് കമ്മിഷണർ മനോജ് എബ്രഹാമിന്റെ നേതൃത്വത്തിൽ പൊലീസും ബോംബ് സ്ക്വാഡും ഫോറൻസിക് വിദഗ്ധരും ചേർന്ന് വിരലടയാളങ്ങൾ ശേഖരിച്ച ശേഷം ബോംബ് നിർവീര്യമാക്കി. സംഭവവുമായി ബന്ധമുള്ള മൂന്നംഗ സംഘത്തിലെ ഒരാൾ പൊലീസ് കസ്റ്റഡിയിലായതായാണ് സൂചന.

✶

## എന്റെ കേരളം ക്വിസ്

മലയാള മനോരമ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ധാത്രി വിൻസ്മാർട്ടുമായി ചേർന്ന് ഒരുക്കുന്ന എന്റെ കേരളം ക്വിസ് സ്കൂളുകളിൽ പുതിയ തരംഗമുണർത്തി അടുത്ത ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഒക്ടോബർ ഏഴിന് ജില്ലാതല മൽസരങ്ങൾക്ക് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങൾ വേദിയാകും.

അഞ്ചു ലക്ഷത്തോളം രൂപയുടെ സമ്മാനങ്ങൾ വിവിധ ഘട്ടങ്ങളിലെ വിജയികൾക്കു നൽകുന്ന ഈ മത്സരം കേരളം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വലിയ ക്വിസ് സംരംഭമാണ്. ജില്ലാതലത്തിലെ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000, 2000 രൂപ സമ്മാനം. 14 ജില്ലകളിലെയും വിജയികൾക്കായി ആകെ 1.4 ലക്ഷം രൂപയുടെ കാഷ് അവാർഡ് നൽകും.

✶

## വിദ്യാർഥികളുടെ 'ക്വട്ടേഷൻ' വാങ്ങി അധ്യാപകനെ വെട്ടി; ഗുണ്ട പിടിയിൽ

വിദ്യാർഥികളുടെ നിർദേശാനുസരണം അധ്യാപകനെ വെട്ടിപ്പരുക്കേൽപ്പിച്ച ഗുണ്ടയെ പൊലീസ് അറസ്റ്റു ചെയ്തു. വെള്ളറട മുള്ളിലവുവിള പമ്മത്തുംകുഴി പുത്തൻവീട്ടിൽ ശരത്തിനെ (19) യാണ് വഞ്ചിയൂർ പൊലീസ് അറസ്റ്റ് ചെയ്തത്.

ശ്രീശങ്കരാചാര്യ സർവകലാശാലയുടെ വഞ്ചിയൂർ പഠന കേന്ദ്രത്തിലെ അധ്യാപകൻ പിരപ്പൻകോട് സ്വദേശി ആർ.ഡി.സുനിൽകുമാറിനെ ജൂലൈ 27 നാണ് വഞ്ചിയൂർ പൊലീസ് സ്റ്റേഷനു സമീപം ഗുണ്ടാസംഘം വെട്ടിപ്പരുക്കേൽപ്പിച്ചത്.

✱

## അന്വേഷണം ശാസ്ത്രീയം; ആശങ്കയ്ക്ക് അവസാനം

തെളിവു നശിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ മുഖത്തേറ്റപൊള്ളലും, സ്ഫോടകവസ്തുക്കൾ മണത്തു കണ്ടെത്താൻ വിദഗ്ധനായ പൊലീസ്നായ ജെറിൻ കാട്ടിയ വഴിയുമാണു കപ്പാംവിള ഗ്രനേഡ് സംഭവത്തിൽ അന്വേഷണസംഘത്തിനു നിർണായക തെളിവുകളായത്.

ഫോറൻസിക് വിഭാഗത്തിന്റെ ശാസ്ത്രീയ കണ്ടെത്തലുകളും അഭ്യൂഹങ്ങൾ മാറ്റിവച്ചു തെളിവുകളെ മാത്രം ആശ്രയിച്ചു മുന്നേറിയ അന്വേഷണവും പ്രതിയുടെ അറസ്റ്റിനു പുറമേ ഒഴിവാക്കിയതു, ഭാവിയിൽ ഉണ്ടായേക്കാവുന്ന വൻ പ്രത്യാഘാതങ്ങളാണ്.

ഗ്രനേഡ് പൊലീസ് കണ്ടെടുത്തതിനു തൊട്ടടുത്ത ദിവസം ഉച്ചയോടെ വീട്ടിലെ ചാണകക്കുഴിയിൽ തെളിവു നശിപ്പിക്കാനായി ഡിക്റ്റനേറ്റർ ചവറുകൾക്കൊപ്പമിട്ടു സുബാഷ് കത്തിക്കുകയായിരുന്നുവെന്നു പൊലീസ് അറിയിച്ചു.

✱

## സാധ്യതാ പഠനം നടത്തിയേ കോഴ്സ് അനുവദിക്കൂ

സ്കൂളുകളുടെ പദവി ഉയർത്തുകയും പുതിയ കോഴ്സുകൾ അനുവദിക്കുകയും ചെയ്യുന്നത് പൊതുവിദ്യാഭ്യാസ പ്രിൻസി

പ്പൽ സെക്രട്ടറി അധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് മന്ത്രി എം.എ.ബേബി നിയമസഭയിൽ വി.എസ്. സുനിൽകുമാറിന്റെ ഉപക്ഷേപത്തിനു മറുപടി നൽകി.

സാധ്യതാ പഠനം നടത്തിയശേഷം കെ.ഇ.ആറിലെ ചട്ടങ്ങൾ പാലിച്ചു മാത്രമേ പുതിയ കോഴ്സും സ്കൂളുകളുടെ പദവി ഉയർത്തലും നടത്താൻ പാടുള്ളു എന്നാണ് സർക്കാർ നയം.

✶

## വിനോദ സഞ്ചാര പഥങ്ങൾ ഒരുക്കി ട്രാവൽമാർട്ട്

കേരളത്തിന്റെ ടൂറിസം ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള കേരള ട്രാവൽ മാർട്ടിന് മികച്ച പ്രതികരണം. പ്രമുഖ ടൂറിസം സേവനദാതാക്കൾക്കൊപ്പം ഇടത്തരം റിസോർട്ടുകൾക്കും ഹോംസ്റ്റേകൾക്കും ട്രാവൽമാർട്ടിന്റെ ആദ്യദിനം തന്നെ മികച്ച ബിസിനസ് അന്വേഷണങ്ങൾ ലഭിച്ചു.

കേരള ട്രാവൽ മാർട്ടിന്റെ നാലാംപതിപ്പാണ് മരട് ലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ നടക്കുന്നത്. കേരള ട്രാവൽമാർട്ട് ഇതിനകം ആഗോള ടൂറിസം രംഗത്തെതന്നെ ശ്രദ്ധേയമായ മേളകളിലൊന്നായി മാറിയിട്ടുണ്ടെന്ന് ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി ഇ.കെ. ഭരത്ഭൂഷൺ പറഞ്ഞു.

✶

## അമ്മയെ അടിച്ചു കൊന്നയാൾ മോഷണക്കേസിൽ അറസ്റ്റിൽ

പെറ്റമ്മയെ അടിച്ചു കൊന്ന കേസിലെ പ്രതി ബൈക്ക് മോഷണക്കേസിൽ അറസ്റ്റിലായി. തിരുവനന്തപുരം വെള്ളറട മുട്ടക്കോട് ലക്ഷംവീട് കോളനിയിൽ ചന്ദ്രലാൽ ആണു പിടിയിലായത്. 2005 ഡിസംബർ 13ന് അമ്മ തങ്കമ്മ (ലീല-45)യെ കമ്പിവടിക്കടിച്ചു കൊലപ്പെടുത്തിയ ശേഷം ഒളിവിൽ പോയതാണു ചന്ദ്രലാൽ.

✶

## മിച്ചമുണ്ടെങ്കിലേ മറ്റു സംസ്ഥാനങ്ങൾക്ക് ജലം നൽകൂ: മന്ത്രി

സംസ്ഥാനത്തെ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റിയശേഷം മിച്ചമുണ്ടെങ്കിൽ മാത്രമേ അന്യസംസ്ഥാനങ്ങൾക്കു വെള്ളം നൽകുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂവെന്ന് മന്ത്രി. എൻ.കെ. പ്രേമചന്ദ്രൻ.

സംസ്ഥാനത്തെ ഏതെങ്കിലും നദിയിൽ വെള്ളം മിച്ചമുണ്ടെങ്കിൽ നദീതട സംയോജന പദ്ധതി വഴി അതു ജലദൗർലഭ്യമുള്ളിടത്തേക്കു തിരിച്ചുവിട്ട് ഉപയോഗിക്കണമെന്നാണ് ശാസ്ത്രീയമായ അഭിപ്രായമെന്നും കരട് ജലനയത്തെക്കുറിച്ച് കുറിപ്പിൽ മന്ത്രി പറഞ്ഞു.

ജലനയത്തിന്റെ കരട്രൂപം ഇന്നു മൂന്നിന് കനകക്കുന്നിൽ നടത്തുന്ന ശിൽപശാലയിൽ ചർച്ച ചെയ്യും. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനാണ് ശിൽപശാല ഉദ്ഘാടനം ചെയ്യുക.

★

## സൗജന്യ നിരക്കിൽ വിളിക്കാൻ സൗകര്യം എക്സൽ അനന്തിനും

ബി. എസ്. എൻ. എൽ. മൊബൈൽ ഫോണിൽ നിന്നു രണ്ടു നമ്പരിലേക്ക് സൗജന്യ നിരക്കിൽ വിളിക്കാനുള്ള സൗകര്യം ഒക്ടോബർ ഒന്നു മുതൽ എക്സൽ അനന്ത് വരിക്കാർക്കും ലഭിക്കും. മറ്റു പദ്ധതികൾക്കു 10 പൈസയാണു സൗജന്യ നിരക്കെങ്കിൽ അനന്ത് ഉപയോക്താക്കൾക്ക് അതു മിനിട്ടിന് 50 പൈസ ആയിരിക്കും. സൗജന്യ നിരക്കിൽ വിളിക്കാൻ ആഗ്രഹിക്കുന്ന രണ്ടു നമ്പരുകൾ എസ്. എം.എസ്. ആയി അയയ്ക്കണം. ഈ നമ്പരുകളിൽ ഒന്നു നിർബന്ധമായും കേരള സർക്കിളിൽപെട്ട ബി.എസ്.എൻ.എൽ. ലാൻഡ് നമ്പർ ആയിരിക്കണം.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 October**

**Price of single copy: Rs.4/-**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378